


# ACADEMIC MASTER PLAN

## 2025-26

ST. PHILOMINAS GHS ARPOOKARA



# ആമുഖം

കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി അവരുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള രൂപരേഖയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ. മൂല്യാധിഷ്ഠിതമായ ഒരു സംസ്കാരത്തെ പടുത്തുയർത്തുവാൻ വിദ്യാഭ്യാസമേഖയ്ക്കുള്ള സ്വാധീനം കുറവല്ല. സമൂഹത്തിന്റെയും നാടിന്റെയും ഉന്നമനം മാത്രം ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ആർപ്പൂക്കര സെന്റ്. ഫിലോമിനാസ് ഗേൾസ് ഹൈസ്ക്കൂൾ എന്ന ഞങ്ങളുടെ കലാലയം. തുടർച്ചയായി പതിനാറാം വർഷവും എസ്. എസ്. എൽ. സി പരീക്ഷയിൽ നൂറുശതമാനം വിജയം . .. ഏറ്റവും കൂടുതൽ എ പ്ലസ് വിജയശതമാനം കരസ്ഥമാക്കിയ വിദ്യാലയം . . . കോട്ടയം വെസ്റ്റ് സബ്ജില്ലാതലത്തിൽ നിരവധിതവണ ഏറ്റവും മികച്ച വിദ്യാലയമായി ഉയർത്തപ്പെട്ട പെൺപള്ളിക്കൂടം . . . വിശേഷണങ്ങൾ ഏറെയുള്ള നമ്മുടെ ഈ കലാലയം അതിന്റെ വിജയകരമായ ജൈത്രയാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു. ഓജസ്സും ചടുലതയുമുള്ള കുട്ടികളെ വാർത്തെടുക്കുന്നതിനായി തയ്യാറാക്കിയതാണ് ഈ മാസ്റ്റർപ്ലാൻ.

## ST. PHILOMINAS GHS ARPOOKARA

| | | |
|---|---|---|
| Total Number of students | - | 432 |
| Total number of staff | - | 26 |
| Total number of classrooms | - | 14 |

## OUR SPECIALITIES

* Well Qualified Teachers
* Government scholarships
* Training for scholarship Exams
* Success Rate 100%
* Co–curricular activities
* Smart class rooms
* School library
* Computer Lab
* NCC
* St. Philomina's Band
* Red Cross
* Little kites

# ലക്ഷ്യം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിശ്ചിതവർഷത്തിനകം മുഴുവൻ വിദ്യാർത്ഥികളും എല്ലാ വിഷയത്തിലും മുൻനിരക്കാരായി മാറ്റുകയാണ് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. വിവിധ വിഷയങ്ങളിൽ കുട്ടികൾക്കുള്ള ഗ്രാഹ്യക്കുറവ് പരിഹരിക്കുന്നതിനാണ് മുൻതൂക്കം. കുട്ടികളെ മികവിന്റെ ഉന്നതിയിൽ എത്തിക്കാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. യു.പി തലത്തിലും ഹൈസ്ക്കൂൾ തലത്തിലും എല്ലാ വിഷയങ്ങളിലുമായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ കുട്ടികളെ മികവിന്റെ ചവിട്ടുപടികൾ കയറാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

# പൊതു ലക്ഷ്യങ്ങൾ

## മേഖല യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാള ക്ലബ്ബ് | മലയാള ക്ലബ്ബ് |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരന്മാർ എഴുത്തുകാർ, കലാകാരന്മാർ എന്നുവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അദ്ധ്യാപകർ | പി ടി എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഈ കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം അധ്യാപകർ ഐ ടി അധ്യാപകർ | മലയാള ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച്കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാള അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ -U P ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | യു. പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷരചാർട്ട് പാഠപുസ്തകം | BRC |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു | PTA, BRC Resource Teachers |

## English U.P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു | **Lend your Ear**– ലളിതമായ ഇംഗ്ലീഷ് റെക്കോർഡ് കേൾപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can**– ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | | |
| | **Breaking News** – ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം ഒരുക്കുന്നു. | ആഗസ്റ്റ് | | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **One Man Show**– ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | സെപ്തംബർ | | |
| | **Reading Cards** – വായന കാർഡുകൾ നൽകി തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു. | ഒക്ടോബർ | | |
| | **Reading of the Month**– ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരംനൽകി Reading of the Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലാസ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **English Magazine** – കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | | |
| | **English Dictionary** – പുതിയ വാർത്തകൾ ഉൾപ്പെടുത്തി ഡിക്ഷണറി തയ്യാറാക്കുന്നു. | മാസംതോറും | | |
| | Alert Zone – സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ക്ലാസ്റൂമുകളിലും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലാസ് |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **English Day**– 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുംമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലാസ് |

## UP Basic Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | **നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം. പച്ചക്കറി തോട്ടം. ശലഭോദ്യാനം, കുളം ജൈവവേലി. മുളകൾക്കൊണ്ടുള്ള ഇരിപ്പടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി ടി എ |
| | **കണ്ടറിയാനൊരു യാത്ര:** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യജീവിതത്തിൽ പിരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2. ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **എകസ്പ്ലോ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി ടി എ സയൻസ് |
| 3.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവിത ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboratory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽനിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽഡ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതിതാണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതമായ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരക്കുന്നു. | **ചിലന്തിവലയിൽനിന്ന് കുതിച്ചുചാട്ടം** സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ്സുരക്ഷ, സൈബർകുറ്റകൃത്യം എന്നാ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കാടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വെ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യ ശ്സ്ത്ര വിഷയത്തിലൂടെ പഥിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതുവാൻ പ്രാപ്തിനേടുംവിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരംകൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## Academic Master Plan

### യു. പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഫ്ലാഷ് കാർഡ് . . .) | ജൂൺമാസം | ഗണിത അദ്ധ്യാപകർ | |
| 2. ഗണിതശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. രൂപങ്ങൾ നിർമിക്കൽ അതിന്റെ പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു ഭാഗത്ത് ഗണിതലാബ് സജ്ജമാക്കുന്നു | ആവശാനുസരണം | ഗണിത അദ്ധ്യാപകരും ക്ലബ്ബ് അംഗങ്ങൾ | ഗണിത ക്ലബ്ബ്<br>പി ടി എ |
| 4. ഗണിത മേഖലയിൽ കുട്ടികളും താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവണ്യമുള്ള അധ്യാപകരെ വിളിച്ച് ഗണിത താൽപ്പര്യം ഉണ്ടാക്കുന്നരീതിയിലുള്ള ക്ലാസ്സുകൾ നടത്തുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് ലീഡർമാർ | പി ടി എ |
| 5. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യതകൾ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ട്രൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 6. ഗണിതത്തിൽ പിന്നോട്ടു നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 7. വിവിധ ശേഷികളുടെ വിധെനം | **ദിനാചരണം**<br>ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SHG യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം | S H G | |

# മാസ്റ്റർ പ്ലാൻ - മലയാളം - ഹൈസ്ക്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കം അവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മക്കൽ<br>• ചിത്രം അടിക്കുറുപ്പ്<br>• പ്രത്യേക ക്ലാസ്സുകൾ | മൂന്നുമാസം (ജൂലൈ - സെപ്റ്റംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി റ്റി എ, അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം<br>• വായനാക്കുറുപ്പ് പതിപ്പ്<br>• ദിനാതരണങ്ങൾ<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>• ഇ - വായനാ<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും | 6 മാസം | ക്ലാസ്സുലൈബ്രറി, സ്കൂൾലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി. റ്റി എ അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായനാക്കുറുപ്പ് പതിപ്പ്<br>• വ്യക്തിഗതരചന<br>• സംഘരചന<br>• ഭാഷാപ്രോജക്ട്<br>• പുസ്തകം തയ്യാറാക്കൽ<br>• പ്രസംപരിശീലനക്കളരി<br>• പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കുന്നു<br>• ഭാഷാ കാളികൾ പരിശീലനം | 6 മാസം (ജൂലൈ - സെപ്റ്റംബർ) | ലൈബ്രറി പുസ്തകങ്ങൾ ചിത്രങ്ങൾ | പി റ്റി എ അധ്യാപകർ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | | സെപ്റ്റംബർ - ജനുവരി | ഓഡിയോ വീഡിയോ | ട്രെയ്നൽ അധ്യാപകർ |

## മേഖല - ഹൈസ്ക്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2. മാതൃഭാഷയെപോലെ ഹിന്ദിയുടം നിർഭയം കൈകാര്യംചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3. വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠന യാത്രകൾ സംഘടിപ്പിക്കുന്നു.<br>പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | | രക്ഷിതാക്കൾ<br>പി ടി എ |

## മേഖല - ഹൈസ്കൂൾ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library വികരണം<br>English Corner Story Time<br>English Catoon പ്രദർശനം<br>English Assembly | അവധിക്കാലം/ ശനിയാഴ്ചകൾ | ടീച്ചേഴ്സ്, പി ടി എ | പി ടി എ മാനേജ്മെന്റ് |
| 2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary–Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema അയുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ്റും പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേഴ്സ് SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം Seminar ചർച്ചകൾ, പ്രശസ്തമായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| 3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വാതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്റും പ്രവർത്തനങ്ങളോടൊപ്പം | പി ടി എ, SRG, ടീച്ചേഴ്സ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ, നിർമ്മാണം, Public Speaking പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റും പ്രവർത്തനങ്ങൾ അസംബ്ലി | പി ടി എ ടീച്ചേഴ്സ് | |
| 4. നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റും പ്രവർത്തനങ്ങൾ | പി ടി എ, SRG, ടീച്ചേഴ്സ് | പി ടി എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. കവിതാലപനത്തിനും കവിതയ്ക്കും പ്രാപ്തരാക്കുക | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേഴ്സ്, പി ടി എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ ശനിയാഴ്ചകൾ | ടീച്ചേഴ്സ്, പി ടി എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശ്സ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ, മാനേജ്മെന്റ് |
| 6. സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ ഭാശാമേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്തുമസ്) | ടീച്ചേഴ്സ്, പി ടി എ, SRG | പി ടി എ, SRG, മാനേജ്മെന്റെ |
| | English test, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ ക്ലബ്ബ് | |
| 7. സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേഴ്സ്, പി ടി എ | പി ടി എ ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets യുമായി | അക്കാദമിക വർഷം രണ്ട് തവണ | | |

## മേഖല - ഹൈസ്ക്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ: കൗതുകം ജിഞ്ജാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾതന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെകൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്രലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | | പി ടി എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശ്സത്രശില്പ്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | | | |
| 4. ആയുർരേഖ: പരിസ്ഥിതി സൗഹൃത മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ, മാനേജ്മെന്റ് |

# Academic Master Plan
## Chemistry (H S)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അടിസ്ഥാന രസതന്ത്ര ആശയങ്ങളെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ ധാരണ വർദ്ധിപ്പിക്കുക. | • മുൻകൂട്ടിയുള്ള വിലയിരുത്തലുകൾ നടത്തി മെച്ചപ്പെട്ട മേഖലകൾ തിരിച്ചറിയുക<br>• പരീക്ഷണങ്ങളിലൂടെയും പ്രദർശനങ്ങളിലൂടെയും കുട്ടികളുടെ നൈപുണികൾ വികസിപ്പിക്കുകയും അടിസ്ഥാന ശാസ്ത്രതത്വങ്ങൾ ജീവിതത്തിൽ പ്രയോഗിക്കുകന്നതിന് പ്രേരണ നൽകുകയും ചെയ്യുക<br>• ധാരണ വർദ്ധിപ്പിക്കുന്നതിന് സിമുലേഷനുകളും വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുള്ള സമഗ്രയിലെ പഠന സഹായികളും ഉപയോഗപ്പെടുത്തുക. | വർഷം മുഴുവൻ | രസതന്ത്രം അധ്യാപകൻ | സ്കൂൾ ബഡ്ജറ്റ് |
| 2. അന്വേഷണാത്മക പഠനത്തിലൂടെ വിമർശനാത്മക ചിന്തയും പ്രശ്ന പരിഹാര കഴിവുകളും വികസിപ്പിക്കുക | • യഥാർത്ഥ ലോക സാഹചര്യങ്ങൾക്കനുസൃതമായ പ്രശ്നാധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>• ഗ്രൂപ്പ് പ്രോജക്ടുകളും പ്രശ്ന പരിഹാര പ്രവർത്തനങ്ങളും വഴി സഹകരണ പഠനം പ്രോത്സാഹിപ്പിക്കുക<br>• കഴിഞ്ഞ വർഷങ്ങളിലെ ചോദ്യപേപ്പറുകളുടെ പരിശീലനം പ്രവർത്തനങ്ങളഇൽ ഉൾപ്പെടുത്തുക. | വർഷം മുഴുവൻ | രസതന്ത്രം അധ്യാപകൻ | സ്കൂൾ ബഡ്ജറ്റ് |
| 3. രസതന്ത്രത്തോടുള്ള താത്പര്യം ആകർഷകമായ പ്രവർത്തനങ്ങളിലൂടെയും യഥാർത്ഥ ലോക അനുബന്ധങ്ങളിലൂടെയും വളർത്തുക | പ്രഭാശണങ്ങൾ, ചർച്ചകൾ, പ്രായോഗിക പ്രവർത്തനങ്ങൾ, അനുകരണങ്ങൾ എന്നിവ ഉൾപ്പെടെ വിവിധ അധ്യാപന രീതികൾ ഉപയോഗിക്കുക. | വർഷം മുഴുവൻ | രസതന്ത്രം അധ്യാപകൻ | സ്കൂൾ ബഡ്ജറ്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • പ്രശസ്തമായ സ്ഥാപനങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക.<br>• ശാസ്ത്രമേളകളിലും രസതന്ത്രവുമായി ബന്ധപ്പെട്ട മത്സരങ്ങളിലും പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കുക.<br>• ശാസ്ത്രവുമായി ബന്ധപ്പെ ദിനങ്ങൾ സമുചിതമായി ആചരിക്കുക<br>• ശാസ്ത്ര ചലചിത്രമേള സംഘടിപ്പിക്കുക.<br>• സയൻസ് ക്ലബ്ബുകളിലും ശാസ്ത്രവുമായി ബന്ധപ്പെട്ട പാഠ്യേതര പ്രവർത്തനങ്ങളിലും ഉള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.<br>• സയൻസ് ലൈബ്രറി വികസിപ്പിക്കുക. ശാസ്ത്രപുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുക.<br>• പരീക്ഷണങ്ങളിൽ നിന്ന് ശേഖരിച്ച ഡാറ്റ വിശകലനം ചെയ്യാനും നിഗമനങ്ങളിൽ എത്തിച്ചേരാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.<br>• ശാസ്ത്ര ഗവേഷണ രീതികൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക. | | | |
| 4. എസ്. എസ്. എൽ. സി പരീക്ഷയ്ക്ക് തയ്യാറെടുക്കുക | • SSLC ചോദ്യങ്ങളുടെ മാതൃകയിൽ അദ്ധ്യായം തിരിച്ചുള്ള പരീക്ഷകൾ പതിവായി നടത്തുക.<br>• തെറ്റായ ഉത്തരങ്ങൾക്ക് വിശദമായ ഫീഡ്ബാക്കും വിശദീകരണങ്ങളും നൽകുക.<br>• പ്രധാന ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് റിവിഷൻ സെഷനുകൾ സംഘടിപ്പിക്കുക. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. ലാബ് സാങ്കേതികതകളിലും സുരക്ഷാ നടപടിക്രമങ്ങളിലും വിദ്യാർത്ഥികളുടെ പ്രാവീണ്യം വർദ്ധിപ്പിക്കുക | • പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുക<br>• മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ സജ്ജമാക്കുക | വർഷം മുഴുവൻ | രസതന്ത്രം അധ്യാപകൻ | സ്കൂൾ ബഡ്ജറ്റ് |
| 6. ഉന്നത തലത്തിലുള്ള രസതന്ത്ര കോഴ്സുകൾക്കും ശാസ്ത്രമേഖലയിലെയും അനുബന്ധ മേഖലകളിലെയും കരിയറിനും വിദ്യാർത്ഥികളെ തയ്യാറാക്കുക | • രസതന്ത്രസംബന്ധമായ കരിയർ സാധ്യതകൾ പരിചയപ്പെടുത്തുക.<br>• രസതന്ത്രമേഖലയിലെ വിദഗ്ദരുമായി സംവദിക്കാൻ ഉള്ള സാഹചര്യങ്ങൾ ഒരുക്കുക<br>• ഗവേഷണ പ്രോജക്റ്റുകൾക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുക. | | | |

# Academic Master Plan

## Biology (H S)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ മികച്ചപങ്കാളിത്ത സാമൂഹിക വൽക്കരണം ഉറപ്പാക്കൽ എന്നിവ ലക്ഷ്യംവയ്ക്കുന്നു | വിവിധ മഴക്കാലശുചീകരണ മാർഗങ്ങൾ ഏതെക്കെയാണെന്ന് കുട്ടികളോട് വിശദീകരിക്കുകയും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം എന്ന് ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. സ്കൂളും പരിസരവും വൃത്തിയാക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നു. | ജൂൺ | സയൻസ് ക്ലബ്ബ് | പൂർവ്വവിദ്യാർത്ഥി സംഘം |
| 2. പരിസ്ഥിതി ദിനാചരണം പരിസ്ഥിതി ഓരോ വ്യക്തിയുടേയും ജീവിതത്തിൽ ചെലുത്തുന്ന സ്വീധീനം എന്തെല്ലാം എന്നതിനെപ്പറ്റി ആഴത്തിൽ അറിയുന്നു. | പരിസ്ഥിതി സംരക്ഷണകേന്ദ്രത്തിന്റെ ആവശ്യകതയെപ്പറ്റി സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെമിനാർ. പരിസ്ഥിതി പ്രവർത്തകരുമായി കുട്ടികൾക്ക് മുഖാമുഖം ഒരു വേദി ഒരുക്കുന്നു. | ജൂലൈ | ഇക്കോ ക്ലബ്ബ് | SMC fund |
| 3. മഴക്കാല രോഗങ്ങൾ മാലിന്യസംസ്ക്കരണം ഏതെല്ലാം ആണ് മഴക്കാല രോഗങ്ങൾ അതിന്റെ ലക്ഷണങ്ങൾ എന്നിവയെപ്പറ്റിയുസസസ ഉറപ്പിക്കാൻ സാധിക്കുന്നു | മഴക്കാല രോഗങ്ങളെക്കുറിച്ചും, അതിന്റെ വ്യാപനത്തെപ്പറ്റിയും അറിവ് പകരുന്ന വീഡിയോദൃശ്യങ്ങൾ പങ്കുവയ്ക്കുന്നു. രോഗവ്യാപനം തടയാനുള്ള മാർഗ്ഗങ്ങൾ-അവലോകനം മാലിന്യസംസ്കരണ രീതികൾ പരിചയപ്പെടുത്തൽ, ചാർട്ടുകൾ, കാരിക്കേച്ചർ നിർമ്മാണം | ജൂലൈ | ബയോളജി ടീച്ചർ | പഞ്ചായത്ത് വക |
| 4. Teena Club ദൈനംദിന ജീവിതത്തിലെ ഓരോപ്രവർത്തികളേയും എങ്ങനെ മികവാർന്നതാക്കാം എന്ന ചിന്തകുട്ടികളിൽ സാധിക്കുന്നു. | ജീവിത നൈപുണിപ്രവർത്തനങ്ങൾ, ക്ലസ്മുറികൾക്ക് അപ്പുറം ഉള്ള വിശാലമായ ലോകത്തെക്കുറിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തൽ.<br>സെമിനാറുകൾ വർക്ക്ഷോപ്പുകൾ | ആഗസ്റ്റ് | SRG സയൻസ് അധ്യാപകൻ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. Pocso ലിംഗനീതി ലൈംഗീകഅതിക്രമങ്ങളെക്കുറഇച്ചുള്ള വിവരങ്ങൾ കുട്ടികൾക്ക് ലഭിക്കുന്ന നല്ല സ്പർശം, മോഹാസ്പർശം എന്നിവതരംതിരിച്ച് മനസ്സിലാക്കാൻ സാധിക്കും. | പോക്സോ നിയമത്തിന്റെ പ്രാധാന്യം ലിംഗനീതി തിരസ്കരിക്കപ്പെടുന്ന സന്ദർഭങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് എടുക്കുന്നു. (Kerala Legal Service Authority Member) "മുഖ്യ അതിഥി" | സെപ്റ്റംബർ | PTA (SMC) | യുവജന സംഘടനകൾ |
| 6. ശാസ്ത്രമേള കുട്ടികളിൽ അഭിരുചി വളരുന്നു. നിരീക്ഷണ പാടവം വർദ്ധിക്കുന്നു. ശാസ്ത്രപ്രവർത്തനങ്ങളിലൂടെ വിമർശനാത്മക ചിന്ത വർദ്ധിക്കുന്നു. | കുട്ടികളുടെ വിവിധ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള പരീക്ഷണ സജ്ജീകരണങ്ങൾ എന്നിവ നിരീക്ഷിക്കുന്ന പാടവം കുട്ടികൾക്കിടയിലെ ശാസ്ത്രാഭിരുചി എന്നിവ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ഒക്ടോബർ | സയൻസ് ക്ലബ്ബ് | PTA ഫണ്ട് |
| 7. ബയോളജി ലാബ് നവീകരണം ദിനാചരണങ്ങൾ (ശാസ്ത്ര ലാബുകൾ ഏതു തരത്തിൽ പഠനപ്രക്രിയയിൽ സ്വാധീനം ചെലുത്തുന്നു. അത് ഏതൊക്കെ രീതിയിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്താം എന്ന ധാരണ ഉറപ്പക്കാക്കുന്നു. | ലാബിന്റെ പ്രാധാന്യം ശാസ്ത്രവിഷയങ്ങളിൽ എന്നതിനെക്കുറിച്ച് ചെറിയ ബോധവൽക്കരണ ക്ലാസ്സ് ലാബ് സജ്ജീകരണം- വിവിധ ദിനാചരണങ്ങളും അതിന്റെ പ്രാധാന്യവും (വർഷത്തിലെ എല്ലാ മാസവും) പോസ്റ്റർ നിർമ്മാണം, കൊളാഷ് നിർമ്മാണം. | നവംബർ ആദ്യം | സയൻസ് ക്ലബ് സയൻസ് ടീച്ചർ | SMC ഫണ്ട് |
| 8. സ്കൂൾ മുറ്റത്ത് ഔഷധ പച്ചക്കറിത്തോട്ടം നിർമ്മാണം, ഔഷധച്ചെടികളേയും, പച്ചക്കറികളേയും പ്രത്യേകം തിരിച്ച് പട്ടികപ്പെടുത്താനും മനസ്സിലാക്കാനും സാധിക്കുന്നു. | ഔഷധച്ചെടികളേയും, വിവിധ പച്ചക്കറിച്ചെടികളേയുംകുറിച്ചുള്ള അവബോധം കുട്ടികളിൽ ഊട്ടി ഉറപ്പിക്കാൻ "കൃഷിത്തോട്ടത്തിലേയ്ക്ക് നമ്മളും" എന്ന പുതിയ പദ്ധതി സ്കൂളുകളിൽ ആരംഭിക്കണം. | നവംബർ അവസാനം- ഡിസംബർ ആദ്യം | ഇക്കോ ക്ലബ് | പഞ്ചായത്ത് ഫണ്ട് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9 ലഹരി നിർമ്മാർജ്ജന പ്രവർത്തനം സജീവമാക്കൽ ലഹരി വിരുദ്ധപ്രവർത്തനങ്ങളിലെ മികച്ച പങ്കാളിത്തം, ലഹരി ഉപയോഗം ശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്ന ധാരണ ഉണ്ടാകുന്നു. | ലഹരി നിർമ്മാർജ്ജനം, സെമിനാർ, ശാസ്ത്രനാടകം പോസ്റ്റർ നിർമ്മാണം, എന്നിവ നടത്താൻ അസംബ്ലി, റാലി എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ മുതൽ ജനുവരി വരെ | PTA സയൻസ് ക്ലബ് | പൂർവ്വ വിദ്യാർത്ഥി സംഘം |
| 10. പ്രഥമ ശുശ്രൂഷ ഈ രംഗത്ത് ഏത് രീതിയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാം ഏതൊക്കെ ചികിത്സ ചികിത്സ ഏതൊക്കെ സന്ദർഭങ്ങളിൽ നൽകണം എന്നു മനസ്സിലാക്കുന്നു. | ഒരു അപകടം പറ്റിയാൽ പ്രാഥമികമായി നൽകേണ്ട് ശുശ്രൂഷകളെപ്പറ്റി ബോധവൽക്കരണ ക്ലാസ്സ്, നാടകം | ഫെബ്രുവരി | സയൻസ് ക്ലബ് | PTA |
| 11. വൃക്ഷത്തൈകൾ പരിപാലിക്കൽ പ്ലാസ്റ്റിക മാലിന്യ നിർമ്മാർജ്ജനം, പ്ലാസ്റ്റിക് ദൂഷ്യ ഫലങ്ങൾ ധാരണ ഉറപ്പാക്കുന്നു. | റാലി, അസംബ്ലി, വൃക്ഷതൈകൾ പ്രാധാന്യം ബോധവൽക്കരണ ക്ലാസ്സ് പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങൾ ക്ലാസ്സ്, പോസ്റ്റർ നിർമ്മാണം. | മാർച്ച് | ഇക്കോ ക്ലാസ്സ് PTA | പഞ്ചായത്ത് ഫണ്ട് |

# Master Plan – Social Science (H S)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽനിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | അക്കാദമികവർഷം മുഴുവനായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക | അക്കാദമികവർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ |
| 3. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തുക സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക. | സർവ്വെ, പ്രൊജക്ട്, ചർച്ചകൾ. സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തി എടുക്കുക. | ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയ ധാരണ കൈവരക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലീസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പഞ്ചായത്ത് ഫണ്ട് |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോദ്ധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽനിന്ന് | അദ്ധ്യാപകർ, പി. ടി. എ. | പി. ടി. എ. |
| 4. ഗണിത ആശയങ്ങളിൽനിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ, ഗണിത ക്ലബ് | പി. ടി. എ. |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ, സംഘത്തലവൻ | |
| 6. അദ്ധ്യാപകർ, കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർപഠനം സാദ്ധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച് പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | ആക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം, കുട്ടികളിൽ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അദ്ധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അദ്ധ്യാപകർ | ഗണിത ക്ലബ് മാനേജ്മെന്റ് |
| 8. ഗണിത മത്സരവേദിയിലേയ്ക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്സെക്രട്ടറി, അദ്ധ്യാപകർ, പി. ടി. എ. | പി. ടി. എ. |
| 9. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്/ജൂൺ | ക്ലബ്സെക്രട്ടറി, അദ്ധ്യാപകർ, പി. ടി. എ. | പി. ടി. എ. |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി. ടി. എ. നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അദ്ധ്യാപകരും | അദ്ധ്യാപകർ, HM പി. ടി. എ. പ്രസിഡന്റ് | |

## മേഖല - ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധ വിഷയങ്ങളുമായി ബന്ധിപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കൽ അദ്ധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അദ്ധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക, ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | പി. ടി. എ. |
| 2. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക, ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | പി. ടി. എ. |
| 3.. പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക, ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | പി. ടി. എ. |
| 4.. ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

# തനതു പ്രവർത്തനങ്ങൾ

- പച്ചക്കറിത്തോട്ടം
- വിത്തുണ്ടകൾ
- പരിസ്ഥിതി സംരക്ഷണം
- കമ്പോസ്റ്റ് നിർമ്മാണം

# ഉപസംഹാരം

സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്ക്കൂളിലെ മുഴുവൻ കുട്ടികൾക്കും തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. എല്ലാ വിഷയങ്ങൾക്കും പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുനനവിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. കോവിഡാനന്തരം കുട്ടികളിലുണ്ടായ പഠനവിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും, വിവിധ ക്ലബുകളുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.